കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-കാമാക്ഷി ഗ്രാമപഞ്ചായത്ത്-കക്കൂസ് നിർമ്മാണത്തിന് അനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.381/2018/തസ്വഭവ

തിരുവനന്തപുരം, തീയതി, 07.02.2018

വായന :- 1. കാമാക്ഷി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.10.2017 – ലെ A3-302/17-ാം നമ്പർ കത്തും 12.10.17 ലെ I (3)-ാം നമ്പർ ഭരണസമിതി തീരുമാനവും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1701/2018-ലെ 4.41 നമ്പർ തീരുമാനം

## ഉത്തരവ്

കാമാക്ഷി ഗ്രാമപഞ്ചായത്ത് കക്കൂസ് അറ്റകുറ്റപ്പണിക്ക് 5,50,000/- രൂപയും കക്കൂസ് നിർമ്മാണത്തിന് 4,50,000/- രൂപയും വകയിരുത്തി ഈ വർഷം പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും കക്കൂസ് അറ്റകുറ്റപ്പണിക്ക് 6000/- രൂപയും നിർമ്മാണത്തിന് 10,000/- രൂപയുമാണ് നൽകുന്നതെന്നും ബാക്കി ഗുണഭോക്തൃ വിഹിതമാണെന്നും ആയത് നടപ്പാക്കാൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം കാമാക്ഷി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2)മുകളിൽ രണ്ടാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു പ്രസ്തുത യോഗത്തിലെ 4.41 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കക്കൂസ് നിർമ്മാണത്തിന് കാമാക്ഷി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. ചുവരുകൾ, മേൽക്കൂര, ഡൈജസ്റ്റർ ഭാഗം എന്നിവയുടെ അറ്റകുറ്റപ്പണിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസീയർ എന്നിവർ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകാനും അനുമതി നൽകുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി
പ്രസിഡണ്ട്, കാമാക്ഷി ഗ്രാമ പഞ്ചായത്ത്, ഇടുക്കി
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ(അർബൻ)പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ)പി.എയ്ക്ക്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ